പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 163

# 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 25-11-2018

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 163

# 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ

1497/2018.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 163

# 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ

1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റ് (1960-ലെ 34) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2018 ഒക്ടോബർ 4-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റിലെ (1960-ലെ 34) (ഇതിനു ശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ, (6)-ാം ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(6) "തൊഴിലാളി" എന്നാൽ ഏതെങ്കിലും സ്ഥാപനത്തിലോ അതുമായി ബന്ധപ്പെട്ടോ പൂർണ്ണമായും അല്ലെങ്കിൽ പ്രധാനമായും ജോലിക്കായി നിയോഗിക്കപ്പെട്ട ഒരാൾ എന്നർത്ഥമാകുന്നതും അതിൽ ഒരു അപ്രന്റീസോ അല്ലെങ്കിൽ, സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, ഒരു തൊഴിലാളിയാണെന്ന് പ്രഖ്യാപിക്കുന്ന ഏതെങ്കിലും വിഭാഗം ആളുകളോ ഉൾപ്പെടുന്നതുമാകുന്നു.".

3. 11-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 11-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"11. പ്രതിവാര ഒഴിവ് ദിവസങ്ങൾ അനുവദിക്കൽ.—(1) ഒരു കടയിലോ വാണിജ്യസ്ഥാപനത്തിലോ തൊഴിൽ ചെയ്യുന്ന ഓരോ ആൾക്കും ഓരോ ആഴ്ചയിലും ഒരു പൂർണ്ണദിവസത്തെ ഒഴിവു ദിവസം അനുവദിക്കേണ്ടതാണ്:

എന്നാൽ, ഈ ഉപവകുപ്പിലെ യാതൊന്നും ഏതെങ്കിലും അംഗീകൃത ഒഴിവ് ദിവസം ഉൾപ്പെടെ പ്രസ്തുത ആഴ്ചയിൽ തൊഴിൽ ചെയ്ത മൊത്തം കാലയളവ് ആറുദിവസത്തിൽ കുറവായിട്ടുള്ള, ഏതെങ്കിലും ആൾക്ക് ബാധകമാകുന്നതല്ല.

(2) ഈ വകുപ്പനുസരിച്ച് ഒഴിവുദിവസം അനുവദിക്കപ്പെട്ട ഏതെങ്കിലും ദിവസത്തേക്ക് ഒരു സ്ഥാപനത്തിലെ ഏതെങ്കിലും തൊഴിലാളിയുടെ വേതനത്തിൽ നിന്നും യാതൊരു കിഴിവും ചെയ്യാൻ പാടില്ലാത്തതും അങ്ങനെയുള്ള ദിവസത്തേക്ക് അയാൾക്ക് സാധാരണയായി വേതനം കിട്ടുന്നതല്ലെന്നുള്ള അടിസ്ഥാനത്തിലാണ് അയാളെ ജോലിക്കായി നിയോഗിച്ചിട്ടുള്ളത് എങ്കിൽ കൂടി, പ്രസ്തുത ദിവസം, ഒഴിവ് ദിവസമായി അനുവദിച്ചിരുന്നില്ലെങ്കിൽ അയാൾ വാങ്ങുമായിരുന്ന വേതനം പ്രസ്തുത ദിവസത്തേക്ക് അയാൾക്ക് നൽകേണ്ടതുമാണ്.".

4. 20-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 20-ാം വകുപ്പിൽ,—

(i) "വൈകുന്നേരം ഏഴു മണിക്കു ശേഷമോ" എന്ന വാക്കുകൾക്ക് പകരം "രാത്രി ഒൻപത് മണിക്കു ശേഷമോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, ഒരു തൊഴിലുടമയ്ക്ക്, സ്ത്രീ തൊഴിലാളികളെ, അപ്രകാരമുള്ള സ്ത്രീ തൊഴിലാളികളുടെ അനുമതി വാങ്ങിയതിനുശേഷവും, അപ്രകാരമുള്ള സമയങ്ങൾക്കിടയിൽ രണ്ടു സ്ത്രീ തൊഴിലാളികളെങ്കിലും ഉൾപ്പെട്ട ഒരു സംഘത്തിലല്ലാതെ അവരെ ജോലിക്ക് നിയോഗിക്കുന്നില്ല എന്നും, അവരുടെ അന്തസ്സും അഭിമാനവും സുരക്ഷയും ലൈംഗികാതിക്രമങ്ങളിൽ നിന്നുള്ള മതിയായ സംരക്ഷണവും കടകളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ അവരുടെ താമസസ്ഥലം വരെയുള്ള ഗതാഗത സൗകര്യവും ഉറപ്പു വരുത്തിക്കൊണ്ടും, രാത്രി ഒൻപത് മണിക്കും രാവിലെ ആറു മണിക്കും ഇടയിൽ ജോലിക്കായി നിയോഗിക്കാവുന്നതാണ്".

5. 21ബി എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 21എ വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"21ബി. ഇരിപ്പിട സൗകര്യങ്ങൾ.—എല്ലാ കടകളിലും സ്ഥാപനങ്ങളിലും, എല്ലാ തൊഴിലാളികൾക്കും അവരുടെ ജോലി സമയം മുഴുവൻ "അവർ നിൽക്കുന്ന"

സാഹചര്യം ഒഴിവാക്കുന്നതിന് ഇരിപ്പിടത്തിനായി അനുയോജ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതും, അതുവഴി, അവരുടെ ജോലിക്കിടയിൽ ഉണ്ടാകാവുന്ന ഇരിക്കുന്നതിനുള്ള അവസരങ്ങളിൽ അവർക്ക് അത് ഉപയോഗപ്പെടുത്താവുന്നതുമാണ്.

6. 29-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 29-ാം വകുപ്പിൽ,—

(1) (1എ) ഉപവകുപ്പിൽ,—

(എ) "21എ" എന്ന അക്കത്തിനും അക്ഷരത്തിനും ശേഷം "21ബി" എന്ന അക്കവും അക്ഷരവും ചേർക്കേണ്ടതാണ്;

(ബി) "അയ്യായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "ഒരു ലക്ഷം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) "പതിനായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "രണ്ട് ലക്ഷം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (1എ) ഉപവകുപ്പിന് ശേഷം, താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചതിനുള്ള പിഴത്തുക ജോലിക്കായി നിയോഗിച്ചിട്ടുള്ള തൊഴിലാളിയൊന്നിന് രണ്ടായിരത്തി അഞ്ഞൂറ് രൂപ എന്നതിൽ കവിയാൻ പാടില്ലാത്തതാണ്.";

(3) (2)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) 7, 19, 20, 28, 30 എന്നീ വകുപ്പുകളിലെ വ്യവസ്ഥകളിലേതെങ്കിലും ലംഘിക്കുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ അൻപതിനായിരം രൂപവരെയാകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടുന്നതാണ്:

എന്നാൽ, ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചതിനുള്ള പിഴത്തുക ജോലിക്കായി നിയോഗിക്കപ്പെട്ട തൊഴിലാളിയൊന്നിന് രണ്ടായിരം രൂപ എന്നതിൽ കവിയാൻ പാടില്ലാത്തതാണ്.";

(4) (2)-ാം ഉപവകുപ്പിന് ശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2എ) ഈ ആക്റ്റോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾ പ്രകാരമോ അവയ്ക്കുകീഴിലോ നൽകിയിട്ടുള്ള എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങൾ വിനിയോഗിക്കുന്നതിൽ ഒരു ഇൻസ്പെക്ടറെ ബോധപൂർവ്വം തടസ്സപ്പെടുത്തുകയോ

അല്ലെങ്കിൽ ഒരു കടയോ സ്ഥാപനവുമായോ ബന്ധപ്പെട്ട്, ഈ ആക്റ്റോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളോ പ്രകാരമോ, അവയ്ക്ക് കീഴിലോ അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും അന്വേഷണമോ, വിചാരണയോ, പരിശോധനയോ, അന്വേഷണ വിചാരണയോ നടത്തുന്നതിനുള്ള ന്യായമായ സൗകര്യം നൽകുന്നത് നിരസിക്കുകയോ ബോധപൂർവ്വം ഉപേക്ഷ കാണിക്കുകയോ ചെയ്യുന്ന ഏതൊരാളും, ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.".

(5) (4)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5) 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 29-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾക്ക് രണ്ട് ലക്ഷം രൂപവരെയാകാവുന്ന പിഴ ചുമത്തുവാൻ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.".

7. <u>30-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 30-ാം വകുപ്പിൽ താഴെപ്പറയുന്ന ക്ലിപ്തനിബന്ധനകൾ ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, രജിസ്റ്ററുകളും റിക്കാർഡുകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും രീതിയിലും ഇലക്ട്രോണിക് രൂപത്തിൽ സൂക്ഷിക്കേണ്ടതാണ്:

എന്നുമാത്രമല്ല, പരിശോധനാസമയത്ത് ആവശ്യപ്പെടുന്നപക്ഷം അപ്രകാരമുള്ള റിക്കാർഡുകളുടെ തൊഴിലുടമ യഥാവിധി ഒപ്പുവച്ച ഒരു ഹാർഡ് കോപ്പി ഇൻസ്പെക്ടർക്ക് സമർപ്പിക്കേണ്ടതാണ്.".

8. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2018-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ഓർഡിനൻസ് (2018-ലെ 50) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അപ്രകാരം റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തെ കടകളിലും മറ്റു വാണിജ്യസ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന ഭൂരിഭാഗം സെക്യൂരിറ്റി ജീവനക്കാരും സെക്യൂരിറ്റി ഏജൻസികൾ മുഖേന

നിയമിക്കപ്പെട്ടവരും അവരുടെ തൊഴിൽ താത്കാലിക സ്വഭാവമുള്ളതുമാണ്. 1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റിന്റെ (1960-ലെ 34) പരിധിയിൽ അവർ വരാത്തതിനാൽ പ്രസ്തുത ആക്റ്റിന്റെ യാതൊരു ആനുകൂല്യവും അവർക്ക് ലഭിക്കുന്നില്ല. അതിനാൽ, ഏതെങ്കിലും ഒരു വിഭാഗത്തിലുള്ള ആളുകളെ തൊഴിലാളികൾ ആയി വിജ്ഞാപനം ചെയ്യുന്നതിനും അതുവഴി അവരെ പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും ആക്റ്റിന്റെകീഴിലുള്ള ആനുകൂല്യങ്ങൾ അപ്രകാരമുള്ള ആളുകളിലേക്കും കൂടി എത്തിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തിക്കൊണ്ട് പ്രസ്തുത ആക്റ്റിലെ "തൊഴിലാളി" എന്ന വാക്കിന്റെ നിർവ്വചനം ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

തൊഴിലിടങ്ങളിൽ ഇരിപ്പിടസൗകര്യത്തിന്റെ അപര്യാപ്തത സംബന്ധിച്ച് തൊഴിലാളികളിൽ നിന്നും തൊഴിൽ സംഘടനകളിൽ നിന്നും, സാമൂഹ്യപ്രവർത്തകരിൽ നിന്നും ധാരാളം പരാതികൾ ലഭിച്ചിട്ടുള്ളതിനാൽ തൊഴിലാളികൾക്ക് ഇരിപ്പിടസൗകര്യം നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി 1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റ് (1960-ലെ 34) ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു. ലിംഗസമത്വം എന്ന ആശയം ഉയർത്തിപ്പിടിച്ചുകൊണ്ട്, രാത്രിസമയങ്ങളിൽ ജോലി ചെയ്യാൻ തയ്യാറായിട്ടുള്ള സ്ത്രീ തൊഴിലാളികളെ രാത്രി ഒൻപത് മണിക്കും രാവിലെ ആറുമണിക്കും ഇടയിലുള്ള സമയത്ത് ജോലി ചെയ്യുവാൻ അനുവദിക്കുന്നതിനും അതിനുവേണ്ടി അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ആയി ചില നിബന്ധനകൾ ഏർപ്പെടുത്തേണ്ടതുണ്ട്. നിലവിൽ കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ആഴ്ചയിൽ നിശ്ചിത ദിവസങ്ങളിൽ മാത്രമേ പ്രതിവാര ഒഴിവ് ദിവസം ലഭിക്കുകയുള്ളൂ. ഒരു ആഴ്ചയിൽ പ്രത്യേക ദിവസം സ്ഥാപനങ്ങൾ നിർബന്ധമായും അടച്ചിടണം എന്ന വ്യവസ്ഥ ഒഴിവാക്കണമെന്ന ശക്തമായ ആവശ്യം തൊഴിലാളികളിൽ നിന്നും ഉണ്ടായിട്ടുണ്ട്.

നിലവിലുള്ള കച്ചവട സാഹചര്യവും ജനങ്ങൾ സാധനങ്ങൾ വാങ്ങുന്നതിലുള്ള പ്രവണതയും പരിഗണിക്കുമ്പോൾ, 1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റിന് കീഴിൽ വരുന്ന സ്ഥാപനങ്ങളെ, അവയിലെ തൊഴിലാളികൾക്ക് പ്രതിവാര ഒഴിവ് ദിവസം ഉറപ്പുവരുത്തുവാൻ കാര്യക്ഷമമായ നിരീക്ഷണം ഏർപ്പെടുത്തിക്കൊണ്ട്, എല്ലാ ദിവസവും തുറന്നുപ്രവർത്തിക്കുവാൻ അനുവദിക്കുന്നതാണ് നല്ലത് എന്നതാണ് സർക്കാരിന്റെ അഭിപ്രായം. ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും കൂടി ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഭേദഗതി. കൂടാതെ, രജിസ്റ്ററുകളും റിക്കാർഡുകളും ഇലക്ട്രോണിക് രൂപത്തിൽ സൂക്ഷിക്കുന്നതിനുള്ള വ്യവസ്ഥകൾ കൊണ്ടുവരുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു.

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ഓർഡിനൻസ്, (2018-ലെ 50) 2018 ഒക്ടോബർ 4-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2018 ഒക്ടോബർ 4-ാം തീയതിയിലെ 2495-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

2018-ലെ 50-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡ പ്രകാരം ചേർക്കുവാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 2-ാം വകുപ്പ് (6)-ാം ഖണ്ഡം, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, ഏതെങ്കിലും ഒരു വിഭാഗം ആളുകളെ തൊഴിലാളികൾ ആയി പ്രഖ്യാപിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 7-ാം ഖണ്ഡപ്രകാരം ചേർക്കുവാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 30-ാം വകുപ്പിന്റെ ഒന്നാം ക്ലിപ്തനിബന്ധന, രജിസ്റ്ററുകളും റിക്കാർഡുകളും ഇലക്ട്രോണിക് രൂപത്തിൽ സൂക്ഷിക്കുന്നതിനുള്ള രീതിയും ഫാറവും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അവയെല്ലാം നടപടിക്രമങ്ങൾ സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. കൂടാതെ അപ്രകാരമുള്ള ചട്ടങ്ങൾ അവ ഉണ്ടാക്കിയതിനുശേഷം നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയാണ്.

 റ്റി. പി. രാമകൃഷ്ണൻ.

(ശരിത്തർജ്ജമ)

## 1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റിൽ (1960-ലെ 34) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(1) "തൊഴിൽ ശീലിക്കുന്ന ആൾ" എന്നതിന് ഒരു തൊഴിലുടമ തന്റെ സർവ്വീസ്സിൽ ഏതെങ്കിലും വ്യാപാരമോ തൊഴിലോ താൻ മുഖേനയോ മറ്റൊരാൾ മുഖേനയോ പരിശീലിക്കുന്നതിന്നായി ജോലിക്കായി നിയോഗിക്കുന്ന പന്ത്രണ്ടു വയസ്സിൽ താഴെയല്ലാത്ത ഒരാൾ എന്നർത്ഥമാകുന്നു;

** ** ** **

(6) "തൊഴിലാളി" എന്നതിന് ഏതെങ്കിലും സ്ഥാപനത്തിലും അതു സംബന്ധിച്ചും പൂർണ്ണമായോ പ്രധാനമായോ ജോലിക്കായി നിയോഗിക്കപ്പെടുന്ന ഒരാൾ എന്നർത്ഥമാകുന്നതും അതിൽ തൊഴിൽ പരിശീലിപ്പിക്കുന്ന ആൾ ഉൾപ്പെടുന്നതു മാകുന്നു;

** ** ** **

11. കടകൾ അടയ്ക്കലും പ്രതിവാര ഒഴിവു ദിവസങ്ങൾ അനുവദിക്കലും.—(1) ഏതൊരു കടയും ആഴ്ചയിൽ ഒരു ദിവസം പൂർണ്ണമായി അടച്ചിടേണ്ടതും കടയിൽ എല്ലാവരും കാണത്തക്ക വിധത്തിലുള്ള ഒരു സ്ഥാനത്ത് സ്ഥിരമായി പ്രദർശിപ്പിക്കുന്ന ഒരു നോട്ടീസിൽ, പ്രസ്തുത ദിവസം കട ഉടമസ്ഥൻ പ്രത്യേകം പറഞ്ഞിരിക്കേണ്ടതും. അപ്രകാരം പ്രത്യേകിച്ചു പറഞ്ഞിരിക്കുന്ന ദിവസം, മൂന്നു മാസത്തിൽ ഒന്നിലധികം പ്രാവശ്യം കട ഉടമസ്ഥൻ മാറ്റാൻ പാടില്ലാത്തതുമാകുന്നു.

(2) ഒരു കടയിലോ വാണിജ്യസ്ഥാപനത്തിലോ ജോലിക്കായി നിയോഗിക്കപ്പെട്ട ഏതൊരാൾക്കും ഓരോ ആഴ്ചയിലും ഒരു പൂർണ്ണദിവസത്തെ ഒഴിവു ദിവസം അനുവദിക്കേണ്ടതാണ്:

എന്നാൽ, ഈ ഉപവകുപ്പിലുള്ള യാതൊന്നും തന്നെ, അംഗീകൃത ഒഴിവ് ദിവസം ഉൾപ്പെടെ ആഴ്ചയിൽ തൊഴിൽ ചെയ്ത മൊത്തം കാലയളവ് ആറു ദിവസത്തിൽ കുറവായിട്ടുള്ള ഏതെങ്കിലും ആൾക്ക് ബാധകമാകുന്നതല്ലാത്തതും അല്ലെങ്കിൽ (1)-ാം ഉപവകുപ്പനുസരിച്ച് കട അടച്ചിരുന്ന ദിവസം ഒരു പൂർണ്ണദിവസത്തെ ഒഴിവ് ദിവസം അനുവദിക്കപ്പെട്ട ഒരാൾക്ക് കൂടുതലായി ഒരു ഒഴിവു ദിവസത്തിനുകൂടി അർഹതയുണ്ടായിരിക്കുന്നതല്ലാത്തതുമാണ്.

(3) ഈ വകുപ്പനുസരിച്ച് ഒഴിവുദിവസം അനുവദിച്ച ഏതെങ്കിലും ദിവസത്തേയ്ക്ക് സ്ഥാപനത്തിലെ യാതൊരു തൊഴിലാളിയുടെയും വേതനത്തിൽ നിന്നു യാതൊരു കിഴിവും ചെയ്യാൻ പാടില്ലാത്തതാകുന്നു; അങ്ങനെയുള്ള ദിവസത്തേയ്ക്ക് അയാൾക്കു സാധാരണയായി വേതനം കിട്ടുന്നതല്ലെന്നുള്ള അടിസ്ഥാനത്തിലാണ് അയാളെ നിയമിച്ചിട്ടുള്ളതെങ്കിൽകൂടി, ആ ദിവസത്തേയ്ക്ക് ഒഴിവുദിവസം അനുവദിച്ചിരുന്നില്ലെങ്കിൽ അയാൾ വാങ്ങുമായിരുന്ന വേതനം ആ ദിവസത്തേയ്ക്ക് അയാൾക്കു കൊടുക്കേണ്ടതാകുന്നു.

** ** ** **

20. <u>സ്ത്രീകളേയും പതിനേഴുവയസ്സിനു താഴെ പ്രായമുള്ള ആളുകളേയും രാത്രി ജോലിക്കായി നിയോഗിക്കുന്നത് നിരോധിക്കൽ.</u>—രാവിലെ ആറുമണിക്കു മുമ്പോ വൈകുന്നേരം ഏഴുമണിക്കുശേഷമോ യാതൊരു സ്ഥാപനത്തിലും യാതൊരു സ്ത്രീയോടൊ പതിനേഴു വയസ്സു തികഞ്ഞിട്ടില്ലാത്ത ഏതെങ്കിലും ആളോടൊ തൊഴിലാളിയായോ മറ്റു വിധത്തിലോ ജോലി ചെയ്യുവാൻ ആവശ്യപ്പെടുകയോ അനുവദിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

** ** ** **

"<u>21എ. ഹോസ്റ്റൽ സൗകര്യങ്ങൾ.</u>—ഒരു വലിയ സ്ഥാപനത്തിൽ അമ്പതിൽ കൂടുതൽ തൊഴിലാളികളെ ജോലിക്കായി നിയോഗിക്കുന്ന ഓരോ തൊഴിലുടമയും അങ്ങനെയുള്ള തൊഴിലാളികൾക്ക് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ഹോസ്റ്റൽ സൗകര്യങ്ങൾ നൽകേണ്ടതാണ്.

** ** ** **

29. <u>ശിക്ഷകൾ.</u>—(1) 1എ എന്ന അദ്ധ്യായത്തിലെ 5എ, 5സി എന്നീ വകുപ്പുകളിലെ ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുന്ന ഏതൊരാളും,—

(എ) അയ്യായിരം രൂപവരെയാകാവുന്ന പിഴയും ലംഘനം തുടങ്ങുന്ന സംഗതിയിൽ ആദ്യത്തെ ലംഘനത്തിന്റെ കുറ്റസ്ഥാപനത്തിനുശേഷം തുടരുന്ന ഓരോ ദിവസത്തെ ലംഘനത്തിനും ഇരുനൂറ്റി അൻപത് രൂപവരെയാകാവുന്ന പിഴയും, അഥവാ

(ബി) അപ്രകാരമുള്ള ലംഘനം അവസാനിപ്പിക്കുന്നതിന് ക്ഷമതയുള്ള അധികാരസ്ഥാനത്തു നിന്നും നോട്ടീസ് ലഭിച്ചതിനുശേഷം തുടരുന്ന ഓരോ ദിവസത്തെയും ലംഘനത്തിന് ഇരുനൂറ്റി അൻപത് രൂപവരെയാകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

(1എ) 5<u>ഡി</u>, 5ഇ, 5എഫ്, 6,8,9 മുതൽ 11 വരെ 13, 13എ, 14, 18, 21, 21എ, 22 എന്നീ വകുപ്പുകളിലെ വ്യവസ്ഥകളിൽ ഏതെങ്കിലും ലംഘിക്കുന്ന ഏതൊരാളും

കുറ്റസ്ഥാപനത്തിൻമേൽ ആദ്യത്തെ കുറ്റത്തിന് അയ്യായിരം രൂപവരെയാകാവുന്നതും രണ്ടാമത്തേതോ തുടർന്നുള്ളതോ ആയ കുറ്റത്തിന് പതിനായിരം രൂപ വരെയാകാവുന്നതുമായ പിഴ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

(2) 7, 19, 20, 26, 30 എന്നീ വകുപ്പുകളിലെ വ്യവസ്ഥകളിൽ ഏതെങ്കിലും ലംഘിക്കുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ രണ്ടായിരത്തി അഞ്ഞൂറ് രൂപ വരെയാകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

** ** ** **

(4) ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിക്കു താഴെയുള്ള യാതൊരു കോടതിയും ഈ ആക്റ്റോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടങ്ങളോ ഉത്തരവുകളോ പ്രകാരം ശിക്ഷാർഹമായ ഏതെങ്കിലും കുറ്റം വിചാരണയ്ക്കെടുക്കുവാൻ പാടില്ലാത്തതാകുന്നു.

30. <u>രജിസ്റ്ററുകളും റിക്കാർഡുകളും വെച്ചുപോരലും നോട്ടീസ് പ്രദർശിപ്പിക്കലും</u>.— ഗവൺമെന്റിന്റെ പൊതുവായതോ പ്രത്യേകമോ ആയ ഉത്തരവുകൾക്കുവിധേയമായി, തൊഴിലുടമ രജിസ്റ്ററുകളും റിക്കാർഡുകളും വെച്ചുപോരേണ്ടതും, തന്റെ സ്ഥാപനത്തിന്റെ പരിസരത്തിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നോട്ടീസുകൾ പ്രദർശിപ്പിക്കേണ്ടതുമാണ്. അങ്ങനെയുള്ള എല്ലാ രജിസ്റ്ററുകളും റിക്കാർഡുകളും അവ സംബന്ധിക്കുന്ന സ്ഥാപനത്തിന്റെ പരിസരത്തിൽ വെച്ചുപോരേണ്ടതുമാണ്.

** ** ** **